"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ ഇതര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന പുനഃചംക്രമണ യോഗ്യമല്ലാത്ത മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഒരു കിലോ ഗ്രാമിന് 10 രൂപ എന്ന നിരക്കിൽ (സേവന നികുതിക്ക് പുറമെ) ക്ലീൻ കേരള കമ്പനിക്ക് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ഡി.സി)വകുപ്പ്**

G.O.(Rt)No.2112/2019/LSGD തീയതി, തിരുവനന്തപുരം, 27/09/2019

പരാമർശം:- 1 12.01.2018-ലെ സ.ഉ (സാധാ)നം.127/2018/തസ്വഭവ നമ്പർ ഉത്തരവ്

2 ക്ലീൻ കേരള കമ്പനി മാനേജിങ് ഡയറക്ടറുടെ 08.07.2019-ലെ C28/CKCL/2019-20/GO-03നമ്പർ കത്ത്

**ഉത്തരവ്**

പുനഃചംക്രമണ സാധ്യത ഇല്ലാത്ത അജൈവ മാലിന്യങ്ങൾ സംസ്ഥാനത്തിനകത്ത് സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിലേക്കായി വേണ്ടി വരുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ് എന്ന് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്

2. ഗ്രാമ പഞ്ചായത്ത്/നഗരസഭാ വാർഡ് തലത്തിൽ ശേഖരിക്കപ്പെടുന്ന അജൈവ മാലിന്യങ്ങളിൽ കൂടുതലും പുനഃചംക്രമണയോഗ്യമല്ലാത്തതായതിനാൽ ഇത്തരം മാലിന്യങ്ങളുടെ ശാസ്ത്രീയമായ സംസ്കരണത്തിന് പുനഃചംക്രമണ ഏജൻസികൾക്ക് തുക നൽകേണ്ടതുണ്ട്. സംസ്ഥാനത്തു നിന്നും ശേഖരിക്കുന്ന പുനഃചംക്രമണ യോഗ്യമല്ലാത്ത അജൈവ മാലിന്യങ്ങൾ (റക്സിൻ, ലെതർ, തെർമോക്കോൾ,കാർബൺ പേപ്പർ മുതലായവ) പൊതുസ്ഥലങ്ങളിലും ജലാശയങ്ങളിലും മറ്റും നിക്ഷേപിക്കാതെ ശാസ്ത്രീയമായി സംസ്കരിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണ്. അതിനാൽ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ ഇതര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന പുനഃചംക്രമണ യോഗ്യമല്ലാത്ത അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഒരു കിലോ ഗ്രാമിന് 10 രൂപ എന്ന നിരക്കിൽ (സേവന നികുതിക്ക് പുറമെ)ക്ലീൻ കേരള കമ്പനിക്ക് നൽകുന്നതിന് തദ്ദേശസ്ഥാപനങ്ങൾ ഉൾപ്പടെ എല്ലാ സർക്കാർ / സർക്കാരിതര സ്ഥാപനങ്ങൾക്കും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ക്ലീൻ കേരള കമ്പനി മാനേജിങ് ഡയറക്ടർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ ഇതര സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയ ഇടങ്ങളിൽ നിന്നും

ലഭിക്കുന്ന പുന:ചംക്രമണ യോഗ്യമല്ലാത്ത അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഒരു കിലോ ഗ്രാമിന് 10 രൂപ എന്ന നിരക്കിൽ (സേവന നികുതിക്ക് പുറമെ) അതത് സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കുന്നതിന് ക്ലീൻ കേരള കമ്പനിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ എല്ലാ സർക്കാർ, സർക്കാർ ഇതര സ്ഥാപനങ്ങളും പുന:ചംക്രമണ യോഗ്യമല്ലാത്ത അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് പ്രസ്തുത നിരക്കിൽ ക്ലീൻ കേരള കമ്പനിക്ക് തുക നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
JOINT SECRETARY

മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ് ,തിരുവനന്തപുരം
എല്ലാ വകുപ്പ് മേധാവികൾക്കും (മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ് മുഖേന)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന )
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും(ഗ്രാമ വികസന കമ്മീഷണർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്തുകൾക്കും (ഗ്രാമ വികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SMITHA B CHANDRA
Date: 2019.09.28 10:49:49 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്